REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 11-06-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- പ്രമുഖ മൂന്നാം നരേന്ദ്രമോദി ഗവൺമെന്റിലെ മന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചു. നിർണായ വകുപ്പുകളിൽ കാര്യമായ മാറ്റമില്ല.
- പ്രധാൻമന്ത്രി ആവാസ് യോജനയിൽ മൂന്ന് കോടി വീടുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് നിർമ്മാണ സഹായം നൽകാൻ കേന്ദ്ര മന്ത്രിസഭയുടെ ആദ്യ യോഗത്തിൽ തീരുമാനിച്ചു.
- കിസാൻ സമ്മാൻ നിധിയുടെ 17-ാം ഗഡു വിതരണത്തിന് അനുമതി നൽകുന്ന ഫയലിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഒപ്പുവെച്ചു.
- നികുതി വിഭജനത്തിന്റെ അധിക ഗഡുവായി കേന്ദ്രം സംസ്ഥാനങ്ങൾക്ക് ഒരു ലക്ഷത്തി 39,750 കോടി രൂപ അനുവദിച്ചു.
- ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക ബംഗ്ലാദേശിനെ നാല് റൺസിന് പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

മൂന്നാം നരേന്ദ്രമോദി ഗവൺമെന്റിലെ മന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചു. നിർണായ വകുപ്പുകളിൽ കാര്യമായ മാറ്റമില്ല.

രാജ്നാഥ് സിങ്ങ് രാജ്യരക്ഷാ മന്ത്രിയായും അമിത് ഷാ ആഭ്യന്തര, സഹകരണ മന്ത്രിയായും, നിർമല സീതാരാമൻ ധനമന്ത്രിയായും തുടരും. നിതിൻ ഗഡ്കരി ഗതാഗത മന്ത്രിയായും, ഡോ. S. ജയശങ്കർ വിദേശകാര്യമന്ത്രിയായും, പീയുഷ് ഗോയൽ വാണിജ്യമന്ത്രിയായും ധർമേന്ദ്ര പ്രധാൻ വിദ്യാഭ്യാസ മന്ത്രിയായും തുടരും. ഭൂപേന്ദ്രയാദവ് പരിസ്ഥിതി മന്ത്രിയായി തന്നെ തുടരും.

സർബാനന്ദ സോനാവാളാണ് തുറമുഖ - ജലഗതാഗത മന്ത്രി. H.D. കുമാരസ്വാമിക്ക് ഉരുക്ക് - ഘന വ്യവസായ വകുപ്പിന്റെ ചുമതല നൽകി. മനോഹർ ലാൽ ഖട്ടറാണ് ഭവന - നഗര കാര്യ ഊർജ്ജ വകുപ്പ് മന്ത്രി. ഡോ. വീരേന്ദ്ര കുമാറിന് സാമൂഹ്യ നീതി ശാക്തീകരണ വകുപ്പ് നൽകി. റാം മോഹൻ നായിഡുവാണ് വ്യോമയാന മന്ത്രി. പ്രൾഹാദ് ജോഷി ഭക്ഷ്യ - പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പും പാരമ്പര്യേതര വകുപ്പും കൈകാര്യം ചെയ്യും. ജുവൽ ഒറാമാണ് ഗോത്രകാര്യ വകുപ്പ് മന്ത്രി. C.R പാട്ടീലാണ് ജല ശക്തി മന്ത്രി.

ഡെസ്ക് റിപ്പോർട്ട്.

...........വോയ്സ്..........

BJP അധ്യക്ഷൻ J.P നദ്ദയാണ് കേന്ദ്ര ആരോഗ്യ മന്ത്രി. രാസവള വകുപ്പിന്റെയും ചുമതല അദ്ദേഹത്തിനാണ്. ശിവരാജ് സിങ്ങ് ചൗഹാൻ കൃഷി - ഗ്രാമ വികസന മന്ത്രിയാകും. അശ്വിനി വൈഷ്ണവാണ് വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി. റെയിൽവേയുടെ ചുമതലയും അദ്ദേഹത്തിനാണ്. ജ്യോതിരാദിത്യ സിന്ധ്യ വാർത്താവിനിമയ

മന്ത്രിയാവും. സാംസ്കാരിക, വിനോദ സഞ്ചാര മന്ത്രാലയങ്ങളുടെ ചുമതല ഗജേന്ദ്ര സിങ്ങ് ശെഖാവത്തിന് നൽകി. കിരൺ റിജിജുവാണ് പാർലമെന്ററി കാര്യ മന്ത്രി. ഹർദീപ് സിങ് പുരിക്ക് പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയങ്ങളുടെ ചുമതല നൽകി. മൻസുഖ് മാണ്ഡവ്യ തൊഴിൽ, കായിക യുവജനകാര്യ മന്ത്രിയാവും.

✪✪✪

കേന്ദ്ര സഹമന്ത്രിയായി ചുമതലയേൽക്കുന്ന സുരേഷ് ഗോപിയ്ക്ക് പെട്രോളിയം, പ്രകൃതി വാതകം, ടൂറിസം, വകുപ്പുകളുടെ ചുമതല നൽകി. ജോർജ് കുര്യന് ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെയും ഫിഷറീസ് മൃഗ സംരക്ഷണ വകുപ്പുകളുടെയും ചുമതല നൽകി.

✪✪✪

പ്രധാൻമന്ത്രി ആവാസ് യോജനയിൽ മൂന്ന് കോടി വീടുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് നിർമ്മാണ സഹായം നൽകാൻ കേന്ദ്ര മന്ത്രിസഭയുടെ ആദ്യ യോഗത്തിൽ തീരുമാനിച്ചു. വീടുകളിലെ അംഗസംഖ്യ വർദ്ധിക്കുന്നതിന് അനുസരിച്ച് അധിക സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് സഹായം നൽകുന്നത്. ഗ്രാമ-നഗര മേഖലകളിലെ അർഹരായ കുടുംബങ്ങൾക്ക് അവശ്യ സൗകര്യങ്ങളോടെ വീടുകൾ നിർമ്മിക്കാൻ 2015 മുതൽ PM ആവാസ് യോജനയിൽ നിർമ്മാണ സഹായം നൽകി വരുന്നുണ്ട്. കഴിഞ്ഞ പത്ത് വർഷങ്ങളിൽ നാല് കോടി 21 ലക്ഷത്തിൽ പരം വീടുകൾ നിർമ്മാണം പൂർത്തിയാക്കി.

ശുചിമുറികൾ, പാചക വാതകം, വൈദ്യുതി, ടാപ്പ് - കുടിവെള്ളം, തുടങ്ങിയ സൗകര്യങ്ങളോടെയാണ് വീടുകൾ നിർമ്മിക്കുന്നത്.

✪✪✪

കിസാൻ സമ്മാൻ നിധിയുടെ 17-ാം ഗഡു വിതരണത്തിന് അനുമതി നൽകുന്ന ഫയലിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഒപ്പുവെച്ചു. ഒൻപത് കോടി 30 ലക്ഷം കർഷകർക്ക് 20,000 ത്തോളം കോടി രൂപയാണ് കിസാൻ സമ്മാൻ നിധി വിതരണം ചെയ്യുന്നത്.

രാജ്യത്തിന്റെ പ്രധാനമന്ത്രി പദവി മൂന്നാം തവണയും ഏറ്റെടുത്ത ശേഷം നരേന്ദ്രമോദി ഒപ്പിടുന്ന ആദ്യ ഫയലാണിത്. കർഷക ക്ഷേമത്തിനായി വരും ദിവസങ്ങളിൽ കൂടുതൽ പ്രവർത്തനങ്ങൾ നടപ്പാക്കുമെന്നും NDA ഗവൺമെന്റ് കർഷകരുടെ ക്ഷേമത്തിന് പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

നികുതി വിഭജനത്തിന്റെ അധിക ഗഡുവായി കേന്ദ്രം സംസ്ഥാനങ്ങൾക്ക് ഒരു ലക്ഷത്തി 39,750 കോടി രൂപ അനുവദിച്ചു. ഈ മാസത്തെ പതിവ് നികുതി വിഭജനത്തിന് പുറമെയാണിത്. നടപ്പ് സാമ്പത്തിക വർഷത്തെ ഇടക്കാല ബജറ്റിൽ സംസ്ഥാനങ്ങൾക്ക് നികുതി വിഭജനത്തിനായി 12 ലക്ഷത്തി 19,783 കോടി രൂപ വകയിരുത്തിയിരുന്നു. ഇപ്പോൾ അനുവദിച്ച തുകയടക്കം ഈ മാസം പത്ത് വരെ

സംസ്ഥാനങ്ങൾക്ക് രണ്ട് ലക്ഷത്തി 79,500 കോടി രൂപ വിഹിതം നൽകിക്കഴിഞ്ഞു.

കേരളത്തിന് അധിക ഗഡുവായി 2,690 കോടി 20 ലക്ഷം രൂപ ലഭിക്കും. ഉത്തർപ്രദേശിലാണ് ഏറ്റവും ഉയർന്ന വിഹിതം. 25,070 കോടിയോളം രൂപ. ഏറ്റവും കുറവ് സിക്കിമിനാണ് - അഞ്ച് കോടി 42 ലക്ഷത്തി 22,000 രൂപ. വികസന- മൂലധന ചെലവുകൾക്ക് തുക ചെലവഴിക്കാം.

✪✪✪

ആരോഗ്യകരമായ ജനാധിപത്യത്തിന് ഭരണ-പ്രതിപക്ഷ പാർട്ടികൾ ഒരുപോലെ പ്രധാനമാണെന്നും, രാഷ്ട്രീയത്തിൽ സമവായമാണ് ആവശ്യമെന്നും RSS സർസംഘചാലക് ഡോ. മോഹൻ ഭാഗവത് പറഞ്ഞു. നാഗ്പൂരിലെ റെസിംഭാഗിൽ, സംഘ് ശിക്ഷാ വർഗിന്റെയും, കാര്യകർത്താ വികാസ് പരിപാടികളുടെയും സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. RSS സന്നദ്ധപ്രവർത്തകർക്കായി കഴിഞ്ഞ മാസം ആരംഭിച്ച പരിശീലന പരിപാടി ഇന്നലെ സമാപിച്ചു.

✪✪✪

ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ CBSE സിലബസ്, പഠന സാമഗ്രികൾ, മാതൃകാ ചോദ്യപേപ്പറുകൾ എന്നിവയെ കുറിച്ച് തെറ്റായ വിവരങ്ങൾ വരുന്നതിന്റെ പശ്ച്ചാത്തലത്തിൽ വിദ്യാർത്ഥികളും, രക്ഷിതാക്കളും ജാഗ്രതപാലിക്കണമെന്നു CBSE ബോർഡ് മുന്നറിയിപ്പ് നൽകി. ചില ഓൺലൈൻ പോർട്ടലുകളും വെബ്സൈറ്റുകളും കാലഹരണപ്പെട്ട

ലിങ്കുകളും സ്ഥിരീകരിക്കാത്ത വാർത്തകളും പ്രചരിപ്പിക്കുന്നതായി ബോർഡ് അറിയിച്ചു.

✪✪✪

ആദിത്യ L-1 ഉപഗ്രഹം പകർത്തിയ സൂര്യന്റെ ചിത്രങ്ങൾ ISRO പുറത്തുവിട്ടു. സൗര കൊടുങ്കാറ്റ് സമയത്ത് ചിത്രീകരിച്ച ചിത്രങ്ങളാണ് ഇവ.പേടകത്തിലെ സോളാർ അൾട്രാവയലറ്റ് ഇമേജിംഗ് ടെലിസ്കോപ്പ് ബഹിരാകാശത്തെ ലാഗ്രാഞ്ച് പോയിന്റിൽ നിന്ന് പകർത്തിയതാണ് ചിത്രങ്ങൾ.

✪✪✪

CPI-യുടെ രാജ്യസഭാ സ്ഥാനാർത്ഥിയായി ദേശീയ കൗൺസിൽ അംഗവും സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറിയുമായ P.P സുനീറിനെ പ്രഖ്യാപിച്ചു. CPI മലപ്പുറം ജില്ലാ സെക്രട്ടറിയായും LDF മലപ്പുറം ജില്ലാ കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്. കേരള പ്രവാസി ഫെഡറേഷൻ ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. നിലവിൽ കേരളാ ഹൗസിംഗ് ബോർഡ് ചെയർമാനായി ചുമതല വഹിച്ചു വരികയാണ്.

1999, 2004 തെരഞ്ഞെടുപ്പുകളിൽ പൊന്നാനി മണ്ഡലത്തിൽ നിന്നും 2019-ൽ വയനാട് മണ്ഡലത്തിൽ നിന്നും ലോക്സഭയിലേക്ക് മത്സരിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ശക്തമായ കാറ്റിനും വ്യാപക മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ

ഓറഞ്ച് ജാഗ്രതയും വയനാട്, കോഴിക്കോട്, മലപ്പുറം,തൃശൂർ,എറണാകുളം,ആലപ്പുഴ,പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ കാലവർഷക്കെടുതിയിൽ ഇതുവരെ ഒരു വീട് പൂർണമായും പതിനൊന്ന് വീടുകൾ ഭാഗികമായും തകർന്നു. തളിപ്പറമ്പ് താലൂക്കിലാണ് വീട് പൂർണമായി തകർന്നത്. കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ ഇരിട്ടി താലൂക്കുകളിലും നാശനഷ്ടമുണ്ടായി.

✪✪✪

വയനാട് വാളാട് കൂട്ടുകാർക്കൊപ്പം പുഴയിൽ കുളിക്കാനിറങ്ങിയ സ്കൂൾ വിദ്യാർഥി മുങ്ങി മരിച്ചു. വാളാട് ഗവ. ഹയർസെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥി മുഹമ്മദ് ആദിൽ ആണ് ഇന്നലെ വൈകിട്ട് പുഴയിൽ ഒഴുക്കിൽ പെട്ട് മരിച്ചത്.

✪✪✪

സംസ്ഥാനത്ത് കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സൈറണുകളുടെ പ്രവർത്തന പരീക്ഷണം ഇന്ന് നടത്തും. സംസ്ഥാനദുരന്ത നിവാരണ അതോറിറ്റി സ്ഥാപിച്ച 85 സൈറണുകളുടെ പരീക്ഷണമാണ് വിവിധ ജില്ലകളിൽ ഇന്ന് നടത്തുന്നത്. സൈറൺ

മുഴങ്ങുമ്പോൾ ജനങ്ങൾ പരിഭ്രാന്തരാകരുതെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക ബംഗ്ലാദേശിനെ നാല് റൺസിന് പരാജയപ്പെടുത്തി. ന്യൂയോർക്കിലെ നാസോ കൗണ്ടി ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക നിശ്ചിത 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 113 റൺസെടുത്തു. 114 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബംഗ്ലാദേശിന് 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 109 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

ഇന്ന് പാകിസ്ഥാൻ കാനഡയെ നേരിടും. നാസോ കൗണ്ടി അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി എട്ടിനാണ് മത്സരം.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോൾ ഏഷ്യൻ മേഖല യോഗ്യതാ മത്സരത്തിന്റെ രണ്ടാം റൗണ്ടിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് നിലവിൽ ഏഷ്യൻ ചാമ്പ്യന്മാരായ ഖത്തറിനെ നേരിടും. രാത്രി 9.15ന് ദോഹയിലാണ് മത്സരം.സുനിൽ ഛേത്രി രാജ്യാന്തര ഫുട്ബോളിനോട് വിടപറഞ്ഞ സാഹചര്യത്തിൽ ഗോൾകീപ്പർ ഗുർപ്രീത് സിങ് സന്ധു ഇന്ത്യൻ ടീമിനെ നയിക്കും.അഞ്ച് മത്സരങ്ങളിൽ നിന്ന് അഞ്ച് പോയിന്റുമായി ഇന്ത്യ നിലവിൽ ഗ്രൂപ്പിൽ രണ്ടാം സ്ഥാനത്താണ്.

✪✪✪

**പോർട്ട്ലാൻഡ് ട്രാക്ക് ഫെസ്റ്റിവൽ ഹൈ പെർഫോമൻസ് മീറ്റ് അത്‌ലറ്റിക്സിൽ ഇന്ത്യയുടെ ഗുൽവീർ സിംഗ് പുരുഷന്മാരുടെ 5000 മീറ്റർ ഓട്ടത്തിൽ ദേശീയ റെക്കോർഡോടെ വെള്ളി നേടി. അമേരിക്കയുടെ ഡിലൻ ജേക്കബ്സിനാണ് സ്വർണം.**

✪✪✪

**ജലഗതാഗത വകുപ്പ് നിർമ്മിക്കുന്ന സോളാർ ബോട്ടുകളിൽ ഒന്ന് ഉടൻ തന്നെ കണ്ണൂർ അഴീക്കൽ - പറശ്ശിനി സർവീസിനായി നൽകുമെന്ന് മന്ത്രി K.B ഗണേഷ്കുമാർ നിയമസഭയിൽ അറിയിച്ചു. K.V സുമേഷിന്റെ സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി. സോളാർ ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.**

✪✪✪

**സംസ്ഥാനത്ത് ആദ്യമായി നടത്തിയ 'കീം 'ഓൺലൈൻ പ്രവേശന പരീക്ഷ ചരിത്ര വിജയം നേടിയതായി മന്ത്രി ഡോ.R ബിന്ദു പറഞ്ഞു. ഫലം എത്രയും വേഗം പ്രസിദ്ധീകരിച്ച് പ്രവേശന നടപടികളിലേക്ക് കടക്കാൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയെന്ന് മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു.**

✪✪✪

**കോഴിക്കോട് കാപ്പാട് ബ്ലൂ ഫ്ലാഗ് ബീച്ച് പരിപാലന പദ്ധതിക്ക് ഒരു കോടിയോളം രൂപയുടെയും ഭട്ട് റോഡ് ബീച്ച് ബ്ലിസ് പാർക്കിലെ തീരസംരക്ഷണ പ്രവർത്തനങ്ങൾക്ക് 96**

ലക്ഷത്തി 50,000 രൂപയുടെയും ഭരണാനുമതി ലഭിച്ചതായി DTPC ചെയർമാൻ അറിയിച്ചു.

പദ്ധതികളുടെ പ്രവൃത്തി ചുമതല ഹാർബർ എൻജിനീയറിങ് വകുപ്പിനാണ്.

✪✪✪

കോഴിക്കോട് ജില്ലയിൽ മുൻ വർഷങ്ങളിൽ നിപ രോഗബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ആരോഗ്യവകുപ്പ് ജീവനക്കാർക്കായി ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു.

✪✪✪

കാലിക്കറ്റ് സർവകലാശാല യൂണിയന്റെ പത്തിൽ ഏഴ് സീറ്റും നേടി UDSF- വിജയിച്ചു. SFI മൂന്ന് സീറ്റ് നേടി. പാലക്കാട് ഗവ. വിക്ടോറിയ കോളേജിലെ നിധിൻ ഫാത്തിമയാണ് ചെയർപേഴ്സൺ. MSF-ന്റെ P. മുഹമ്മദ് സഫ്-വാനാണ് ജനറൽ സെക്രട്ടറി.

✪✪✪

കോഴിക്കോട് കുറ്റ്യാടി വിലങ്ങാട് വനമേഖലയോട് ചേർന്ന് കാട്ടാനയെ കിണറ്റിൽ ചരിഞ്ഞ നിലയിൽ കണ്ടെത്തി. ആൾ താമസമില്ലാത്ത പറമ്പിലെ കിണറ്റിലാണ് ആന വീണത്. പോസ്റ്റ്മോർട്ടം ഉൾപ്പടെ തുടർ നടപടികൾ ഇന്ന് നടത്തുമെന്ന് വനം വകുപ്പ് അറിയിച്ചു.

✪✪✪

ദേശീയ പാത 66 ൽ തലശ്ശേരി-മാഹി ബൈപ്പാസിലെ ടോൾ ദേശീയപാത അതോറിറ്റി വർധിപ്പിച്ചു. കാർ, ജീപ്പ്, വാൻ, ലഘുവാഹനങ്ങൾ എന്നിവയ്ക്ക് ഒരുഭാഗത്തേക്ക് 75 രൂപയാണ് നിരക്ക്. നേരത്തെ ഇത് 65 രൂപയായിരുന്നു. ഇരുഭാഗത്തേക്കും യാത്രചെയ്യുമ്പോൾ നിരക്ക് 100-ൽനിന്ന് 110 രൂപയാക്കി. ഭാര വാഹനങ്ങളുടെ നിരയ്ക്കിൽ മാറ്റമില്ല.

✪✪✪